(സി) പ്രസ്തുത വാർഷിക പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) 2003-2004-ലെ വാർഷിക പദ്ധതി തുകയിൽ വെട്ടിക്കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതി തുകയിൽ എന്തു തുക 31-12-2003 വരെ ചെലവഴിച്ചിട്ടുണ്ട്; ഇത് എത്ര ശതമാനം വരുമെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത വർഷം ഓരോ മേഖലയിലും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ജി) 2004-2005-ലെ വാർഷിക പദ്ധതിയിൽ ഓരോ മേഖലയ്ക്കും നീക്കിവച്ചിട്ടുള്ള തുക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 4800 കോടി രൂപയ്ക്കുള്ള അടങ്കൽ നിശ്ചയിച്ചിട്ടുണ്ട്.

(ബി) 4430.25 കോടി രൂപ.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) 1969.06 കോടി രൂപ (താൽക്കാലിക കണക്ക്) ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം അടങ്കലിന്റെ 44 ശതമാനമാണ്.

(എഫ്) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

(ജി) അനുബന്ധം ആയി കൊടുത്തിരിക്കുന്നു.†

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

17 [17] ശ്രീ. എം. പി. ഗംഗാധരൻ:
,, ഡി. സുഗതൻ:
,, കെ. എ. ചന്ദ്രൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായുള്ള പദ്ധതിക്ക് മുൻഗണന നൽകുവാനുദ്ദേശ്യമുണ്ടോ;

† അനുബന്ധം IV, IV എ

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുവേണ്ടി എന്തെല്ലാം പ്രത്യേക നടപടികളെടുക്കുവാനുദ്ദേശിക്കുന്നു എന്നും അവ എന്നുമുതൽ നടപ്പാക്കിത്തുടങ്ങുമെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) (i) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ ഒരു പ്രത്യേക ഘടകമായി തയ്യാറാക്കി നടപ്പാക്കിവരുന്നു.

(ii) കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള 'ആശ്രയ പരിപാടി' ദരിദ്രരിൽ ഏറ്റവും ദരിദ്രരായ അഗതികളുടെ ക്ഷേമത്തിനായുള്ള പരിപാടിയാണ്. 147 ഗ്രാമ പഞ്ചായത്തുകൾ ആശ്രയ പരിപാടി ഏറ്റെടുത്തിട്ടുണ്ട്.

(iii) എസ്. ജി. ആർ. വൈ., എസ്. ജെ. എസ്. ആർ. വൈ, ദേശീയ ചേരി വികസന പരിപാടി, വാല്മീക്, അംബേദ്ക്കർ ഭവന പദ്ധതി മുതലായ കേന്ദ്രാവിഷ്കൃത പരിപാടികളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി നടപ്പാക്കിവരുന്നുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നതിനുള്ള സൂചിക

18 [18] ശ്രീ. വി. ഡി. സതീശൻ:
,, എ. സുജനപാൽ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ലൂഡി ലൂയിസ്:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ നിർണ്ണയിക്കുന്നത് സംബന്ധിച്ച സൂചികയ്ക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സൂചികയ്ക്ക് മാറ്റം വരുത്തുമ്പോൾ അനർഹർക്ക് ആനുകൂല്യം ലഭിക്കുന്നത് തടയുവാനും അർഹതയുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ തുടർന്ന് ലഭിക്കുവാനും ശ്രദ്ധ പതിപ്പിക്കുമോ;

(ഡി) ഈ സൂചികയ്ക്ക് മാറ്റം വരുത്തുന്നതിന് മുൻപായി രാഷ്ട്രീയ കക്ഷികളുമായി ചർച്ച നടത്താനുദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly